(ബി) ഇപ്പോൾ ഇ.എസ്.ഐ. വകുപ്പിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണുള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഡോക്ടർമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 513 തസ്തികകളാണുള്ളത്. ഇപ്പോൾ 86 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുന്നതിന് മുമ്പ് തന്നെ താൽക്കാലികമായി ഈ ഒഴിവുകൾ നികത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ വ്യവസ്ഥയിലും നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി

*11 [100] ശ്രീ. സാജു പോൾ:

ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ഏതൊക്കെ ശുപാർശകളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിലാളി സംഘടനകളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച 45 പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റിയുള്ള പുനരുദ്ധാരണ ശുപാർശകളിൽ 30 എണ്ണത്തിൽ സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു വേണ്ടി ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് എന്നിവ സ്വകാര്യവൽക്കരിക്കുന്നതിനായി പരസ്യം നൽകിയിട്ടുണ്ട്. കൂടാതെ ടെൽക്കിന് ഒരു സ്ട്രാറ്റജിക് പാർട്ണർക്ക് വേണ്ടിയും പരസ്യം ചെയ്തിട്ടുണ്ട്. ഇവയിലൊന്നും തീരുമാനം ആയിട്ടില്ല.

(ഡി) തൊഴിലാളി സംഘടനകളുമായി വിശദമായ ചർച്ച നടത്തിയതിനു ശേഷമാണ് ഇ.ആർ.സി. പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത്.

(ഇ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇതുവരെയുള്ള സഞ്ചിത നഷ്ടം 4239 കോടി രൂപയാണ്. ഇ.ആർ.സി. ശുപാർശകൾക്ക് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിനുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി, കൃഷിയും കയറും വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനുവേണ്ടി പ്രത്യേക റെയിൽവേ മേഖല

*12 [101] ശ്രീ. പി. ശങ്കരൻ:

,, ടി. എൻ. പ്രതാപൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ലൂഡി ലൂയിസ്:

,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്തംബറിൽ സംസ്ഥാനം സന്ദർശിച്ച കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് ഗവൺമെന്റ് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly